# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4221 13.12.2018 - ൽ മറുപടിക്ക്

## പെരിന്തൽമണ്ണ മണ്ഡലത്തിലെ ചെറുകിട സംരംഭകർക്കായിട്ടുളള നഷ്ടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | ശ്രീ. ഇ.പി. ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| എ) | പ്രളയത്തെത്തുടർന്ന് പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ചെറുകിട മൈക്രോ സംരംഭകർക്കായിട്ടുളള നഷ്ടം തിട്ടപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; എത്ര സംരംഭകർക്ക് എന്തെല്ലാം തരത്തിലുള്ള നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ട്; വിശദാംശം നൽകാമോ; | എ) | പ്രളയത്തെ തുടർന്ന് പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ചെറുകിട, മൈക്രോ സംരംഭങ്ങൾക്ക് സംഭവിച്ച നഷ്ടം SME സർവ്വേ എന്ന മൊബൈൽ ആപ്ലിക്കേഷൻ മുഖാന്തിരം സർവ്വേ നടത്തി തിട്ടപ്പെടുത്തിയിട്ടുണ്ട്. ആയതു പ്രകാരം 8 ചെറുകിട വ്യവസായങ്ങൾക്കായി ഏകദേശം 14,28,950/- രൂപയുടെയും 20 വ്യാപാര വാണിജ്യ സ്ഥാപനങ്ങൾക്കായി 42,50,000/- രൂപയുടെയും നാശനഷ്ടം സംഭവിച്ചതായി കണക്കാക്കിയിട്ടുണ്ട്. കെട്ടിടം, മെഷിനറി, ഇലക്ട്രിക്കൽ ഫിറ്റിങ്ങ്സ്, ഫർണിച്ചർ, അസംസ്കൃത വസ്തുക്കൾ, ഉൽപ്പന്നങ്ങൾ എന്നിവയ്ക്കാണ് നഷ്ടം സംഭവിച്ചത്. |
| ബി) | നഷ്ടത്തെതുടർന്നു ഇത്തരം സംരംഭകർ പലരും വായ്പകൾപോലും തിരിച്ചടയ്ക്കാൻ പ്രയാസം അനുഭവിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രയാസങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇത്തരം സംരംഭകർക്ക് ആവശ്യമായ വായ്പ ഇളവ് നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | ബി) | ഉണ്ട്. 2018 ഓഗസ്റ്റ് 20 ന കൂടിയ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ പ്രത്യേക യോഗം ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ ഉടൻ നടപ്പിലാക്കേണ്ട പ്രളയ ദുരിതാശ്വാസ നടപടികൾ ചർച്ച ചെയ്തു അംഗീകരിക്കുകയും, ഈ നടപടികളുടെ വ്യക്തമായ മാർഗ്ഗനിർദേശങ്ങൾ എല്ലാ ബാങ്കുകൾക്കും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. വ്യവസായ വായ്പകൾക്കുള്ള മോറട്ടോറിയവും, പുനർവായ്പ നൽകുന്നതിനുള്ള നിർദ്ദേശങ്ങളും ഈ നടപടിയുടെ ഭാഗമാണ്. |

സെക്ഷൻ ഓഫീസർ